**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4896** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽപ്പെട്ട വെൺപകൽ. പെരുംപഴുതൂർ, കുളത്തൂർ, ചെങ്കൽ പരിണീയം, കാരോട് എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങളിലും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലുമാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ കാരോട് കുടുംബാരോഗ്യകേന്ദ്രം ഒഴികെ ബാക്കി 4 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഇ-ഹെൽത്ത് പദ്ധതിക്ക് വേണ്ടി എല്ലാ സജ്ജീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും വേണ്ടിയുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു. കാരോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഏകദേശം രണ്ട് മാസത്തിനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. . |
| (ബി) | ഇ-ഹെൽത്ത് പദ്ധതിയിൽ മണ്ഡലത്തിലെ ഓരോ ആശുപത്രിയ്ക്കും എത്ര ലക്ഷം രൂപയാണ് ആരോഗ്യ വകുപ്പ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഓരോ ആശുപത്രികളുടെയും വലുപ്പം പ്രവർത്തന സജ്ജമായ കെട്ടിടങ്ങൾ. നൽകി വരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിൽ ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/ കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ; പദ്ധതി എന്നു മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ഇ-ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ ലോക്കൽ ഏരിയ നെറ്റ് വർക്കിംഗ് (LAN), UPS, വയറിംഗ്, ബ്രോഡ് ബാൻഡ് കണക്ടിവിറ്റി, ടോക്കൺ ഡിസ്‌പ്ലേ, ബാർകോഡ്, പ്രിന്റർ, മിനി കമ്പ്യൂട്ടർ, സ്റ്റിക്കർ പ്രിന്റർ തുടങ്ങി വിവിധ ഹാർഡ് വയറുകൾ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർക്ക് നൽകി വരുന്ന പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് എത്രയും വേഗം ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ